**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമിയിൽ യൂക്കാലി ,അക്കേഷ്യ തുടങ്ങിയ മരങ്ങൾ നട്ടുവളർത്തുന്നതിന് വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിൽ യൂക്കാലി മരങ്ങൾ നടുന്നതിനായി കേരള വനം വികസന കോർപ്പറേഷൻ രൂപരേഖ തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി തേടുകയുണ്ടായോ ; ഇതിന്മേൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്ന കേരള വനം വികസന കോർപ്പറേഷൻ (കെ.എഫ്.ഡി.സി) നിലവിൽ പ്രവർത്തിച്ച് വരുന്നത് കേന്ദ്ര സർക്കാർ അംഗീകരിച്ച 2020-21 മുതൽ 2024-25 കാലയളവിലേക്കുള്ള മാനേജ്മെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലാണ്. ആയത് പ്രകാരം അക്കേഷ്യ, യൂക്കാലിപ്റ്റസ് ഇനങ്ങളെ പൂർണ്ണമായി ഒഴിവാക്കി കശുമാവ്, മലവേപ്പ്, മട്ടി, വട്ട, അൽബീസിയ, മഹാഗണി, മുള തുടങ്ങിയ ഇനങ്ങളെ നട്ടു പിടിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. സർക്കാരിന്റെ 2021ലെ ഇക്കോ റിസ്റ്റോറേഷൻ പോളിസി പ്രകാരം വനത്തിൽ നിന്ന് യൂക്കാലിപ്റ്റസ് ഘട്ടംഘട്ടമായി ഒഴിവാക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ തദ്ദേശീയ ഇനം തൈകളെ നട്ടു പരിപാലിക്കുന്നതിനുള്ള ശാസ്ത്രീയവും സാങ്കേതികവുമായ അറിവിന്റെ അഭാവം, തദ്ദേശീയ ഇനങ്ങൾ തെരെഞ്ഞെടുക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട്, സാമ്പത്തിക ബുദ്ധിമുട്ട് എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടി കെ.എഫ്.ഡി.സി തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതിനായി ടി മാനേജ്മെന്റ് പ്ലാൻ ഭേദഗതി ചെയ്യുന്നതിന് ഒരു ശുപാർശ കെ.എഫ്.ഡി.സി കേന്ദ്ര സർക്കാരിന് 11.11.2022ൽ സമർപ്പിക്കുകയും തുടർന്ന് 24.02.2023ലെ F(C)A/11.6/4WP/KER/VOL II നമ്പർ ഉത്തരവ് പ്രകാരം യൂക്കാലി മരങ്ങൾ മുറിക്കുന്നതിനു മാത്രം കേന്ദ്ര സർക്കാർ അനുവാദം നൽകുകയും ചെയ്തിരുന്നു. ഇതേവിഷയത്തിൽ ഇളവനുവദിക്കാൻ 21.11.2022, 10.12.2022 എന്നീ തീയതികളിൽ കെ.എഫ്.ഡി.സി ശുപാർശ ലഭ്യമാക്കി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ടി ഭേദഗതി, നാഷണൽ വർക്കിംഗ് പ്ലാൻ കോഡിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കൺസൽട്ടേറ്റീവ് കമ്മിറ്റി 01.02.2024 ൽ പരിശോധിക്കുകയും ടി ഭേദഗതി നിരാകരിക്കുകയും ചെയ്തു.<br><br>കെ.എഫ്.ഡി.സി യുടെ അഭ്യർത്ഥന പരിഗണിച്ച് 2020-21 മുതൽ 2024-25 വരെയുള്ള അംഗീകൃത മാനേജ്മെന്റ് പ്ലാൻ കാലാവധിയിൽ ഈ സാമ്പത്തിക വർഷം മാത്രം കേരള വനം വികസന കോർപ്പറേഷൻ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നട്ടുപ്പിക്കുന്നതിന് 07.05.2024 ലെ സർക്കാർ ഉത്തരവ് (സാധാ) നം 221/2024/വനം പ്രകാരം സർക്കാർ അനുമതി നൽകിയെങ്കിലും പിന്നീട് 20.05.2024 ലെ സർക്കാർ ഉത്തരവ് (സാധാ) നം 236/2024/വനം പ്രകാരം, കേന്ദ്ര സർക്കാർ അനുമതി നൽകിയത് അനുസരിച്ചുള്ള യൂക്കാലിപ്റ്റസ് മുറിച്ച് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു മാത്രം അനുമതി നൽകിക്കൊണ്ട് ടി ഉത്തരവ് ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവായി. |
| (ബി) | ഏതു തലത്തിലാണ് രൂപരേഖ തയ്യാറാക്കിയത്; ഇത് നടപ്പാക്കുന്നതിനായി ആരുടെയൊക്കെ അനുമതിയാണ് ആവശ്യമുള്ളത് ; ഇതിൽ ഏതൊക്കെ അനുമതികളാണ് രൂപരേഖയ്ക്ക് ലഭിച്ചിരുന്നത് ; വിശദമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ അംഗീകരിച്ച (2020-21 മുതൽ 2024-25) കെ.എഫ്.ഡി.സി യുടെ മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെട്ട തദ്ദേശീയ ഇനം തൈകളെ നട്ടുപരിപാലിക്കുന്നതിനുള്ള ശാസ്ത്രീയവും സാങ്കേതികവുമായ അറിവിന്റെ അഭാവം, തദ്ദേശീയ ഇനങ്ങൾ തെരെഞ്ഞെടുക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട്, സാമ്പത്തിക ബുദ്ധിമുട്ട് എന്നിവ കെ.എഫ്.ഡി.സി യിലെ ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റി ചർച്ച ചെയ്യുകയും ആയതു പ്രകാരം മാനേജ്മെന്റ് പ്ലാനിൽ വ്യതിയാനം വരുത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കി കെ.എഫ്.ഡി.സി, കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാകയാൽ 11.11.2022ൽ സമർപ്പിക്കുകയും 24.02.2023ലെ F(C)A/11.6/4WP/KER/VOL II നമ്പർ ഉത്തരവ് പ്രകാരം യൂക്കാലി മരങ്ങൾ മുറിക്കുന്നതിനു മാത്രം കേന്ദ്ര സർക്കാർ അനുവാദം നൽകുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ കേരള സർക്കാരിന്റെ അനുമതിയും ആവശ്യമാണ്.<br><br>കേന്ദ്ര സർക്കാർ അനുമതി നൽകിയത് അനുസരിച്ചുള്ള യൂക്കാലിപ്റ്റസ് മുറിച്ച് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു മാത്രം അനുമതി നൽകിക്കൊണ്ട് 20.05.2024 ലെ സർക്കാർ ഉത്തരവ് (സാധാ) നം 236/2024/വനം പ്രകാരം, കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത രൂപരേഖ പ്രകാരം സർക്കാർ പുറപ്പെടുവിച്ച അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ഡി) | വനഭൂമിയിൽ യൂക്കാലി,അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾ നടുന്നത് വിലക്കിക്കൊണ്ട് ഉത്തരവ് നിലവിലുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചു കൊണ്ടുള്ള 17.12.2021 ലെ സർക്കാർ ഉത്തരവ്(കൈ) നം.29/2021/വനം നിലവിലുണ്ട് . പകർപ്പ് ഉള്ളടക്കം ചെയ്യുന്നു . |
| (ഇ) | യൂക്കാലി,അക്കേഷ്യ തുടങ്ങിയ മരങ്ങൾക്കു പകരം നട്ടുവളർത്താവുന്ന പൾപ്പ് വുഡായി ഉപയോഗിക്കാവുന്ന മരങ്ങൾ വനം വകുപ്പ് കണ്ടെത്തുകയുണ്ടായോ ; | (ഇ) | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ മലവേപ്പ്, കുമ്പിൾ, കുരങ്ങാട്ടി, മട്ടി, കടമ്പ് തുടങ്ങിയ 5 ഇനം തദ്ദേശീയ ത്വരിത വളർച്ചയുള്ള വൃക്ഷങ്ങൾ പൾപ്പ് വുഡിനും പ്ലൈവുഡിനും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ വിശദമായ പഠനത്തിനായി കേരള വനം വകുപ്പും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയും (ഫോറസ്ട്രി കോളേജും) ചേർന്ന് ത്വരിത വളർച്ചയുള്ള പൾപ്പ് വുഡിനും പ്ലൈവുഡിനും അനുയോജ്യമായ 10 ഇനം വൃക്ഷങ്ങളുടെ ഇവാല്യുവേഷൻ ട്രയൽ 2023 മുതൽ നടത്തി വരുന്നുണ്ട് . |
| (എഫ്) | അധിനിവേശ സസ്യങ്ങൾക്ക് വിലക്കേർപ്പെടുത്തികൊണ്ട് ഉത്തരവിറങ്ങി വർഷങ്ങളായിട്ടും പകരം നട്ടുവളർത്താവുന്ന സസ്യങ്ങളുടെ കാര്യം നിശ്ചയിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചു കൊണ്ട് സർക്കാർ 17.12.2021 ലെ സർക്കാർ ഉത്തരവ്(കൈ)നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. വനമേഖലയിൽ നിന്നും വിദേശ ഏകവിള തോട്ടങ്ങളേയും അധിനിവേശ സസ്യങ്ങളേയും ഘട്ടംഘട്ടമായി ഒഴിവാക്കി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്ക് അനുസൃതമായ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിനാണ് പ്രസ്തുത നയം വിഭാവനം ചെയ്യുന്നത്.<br><br>അതിന്റെ ഭാഗമായി ചെമ്മണ്ണ്, വെട്ടുകല്ല് തുടങ്ങിയവയുള്ള പ്രദേശങ്ങളിൽ ഇരുൾ, കരിമരുത്, മാവ്, പ്ലാവ്, ഞാവൽ, കാഞ്ഞിരം, അത്തി, ആൽ തുടങ്ങിയ മരങ്ങളും എക്കൽ നിറഞ്ഞ സമുദ്രതീരങ്ങളിൽ പൂവരശ്, വാക, വേലിപ്പരുത്തി, കുടംപുളി തുടങ്ങിയവും പുഴ-നദി തീരങ്ങളിൽ മുള, ഈറ്റ, നാങ്ക്, വെൺകട്ട, വെട്ടി, പുന്ന, കാര, അമ്പഴം, വെൺതേക്ക്, കിളിമരം, അത്തി, പൂവം, ആറ്റുവഞ്ചി തുടങ്ങിയ മരങ്ങളും സമതല പ്രദേശങ്ങളിൽ അശോകം, ആര്യവേപ്പ്, കുടംപുളി, പതിമുഖം, മന്ദാരം, കണിക്കൊന്ന, മുള, അയണി, |

| | | | |
|---|---|---|---|
| | | | ചരൽപ്പഴം, എബണി, കുടപ്പന, കിളിനാങ്ക് തുടങ്ങിയവയും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ നീർമരുത്, ഉങ്ങ്, ചോലവേങ്ങ, ഞാവൽ, പമ്പരകുമ്പിൾ, കടമ്പ് തുടങ്ങിയവയും ഉയരം കൂടിയ പ്രദേശങ്ങളിൽ മഴകാഞ്ഞിരം, ഈട്ടി, കുളമാവ്, വാലി, മരോട്ടി, വയണ, ചോലപ്പൂവം, പൂശിപ്പഴം, വലിയവെള്ളപ്പൈൻ, ചെങ്കുറിഞ്ഞി, എണ്ണപ്പയിൻ, കുന്തിരിക്കം, നിറമ്പാലി, കൊണ്ടപ്പന, തുടങ്ങി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ചുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാണ് നയരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ത്വരിത വളർച്ചയുള്ള പൾപ്പ് വുഡിനും, പ്ലൈവുഡിനും അനുയോജ്യമായ ഇനം വൃക്ഷങ്ങളുടെ ശാസ്ത്രീയ പഠനവും നടന്നു വരികയാണ്. ഈ വിഷയത്തിൽ കാലതാമസം ഉണ്ടായതായി കരുതുന്നില്ല . |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കേരള വനം വികസന കോർപ്പറേഷന്റെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നട്ടുപിടിപ്പിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.221/2024/F&WLD തീയതി,തിരുവനന്തപുരം, 07-05-2024

---

പരാമർശം:-

1. കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23.01.2023 ലെ സി2/4678/18-6118 നം. കത്ത്.
2. കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15.01.2024ലേയും, 20.02.2024 ലേയും യഥാക്രമം c3-2116/95/D/8012 നം., C2-4678/2018/161 നമ്പർ കത്തുകൾ.
3. 19.09.2023 ലെ യോഗ തീരുമാനം.

**ഉത്തരവ്**

വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ, അവയുടെ നിലനിൽപ്പിനെ ബാധിക്കുമെന്നതുൾപ്പടെയുള്ള കാര്യകാരണ സഹിതമുള്ള പരാമർശത്തിലെ വിവിധ തീയതികളിലെ കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കത്തുകളിലെ അഭ്യർഥന പരിഗണിച്ച്, KFDCയുടെ നിലവിലെ 2020-21 മുതൽ 2024-25 വരെയുള്ള അംഗീകൃത മാനേജ്മെന്റ് പ്ലാൻ കാലാവധിയിൽ ശേഷിക്കുന്ന 2024-2o25 വരെ കാലയളവിൽ മാത്രം, കേരള വനം വികസന കോർപ്പറേഷൻ തോട്ടങ്ങളിൽ യൂക്കാലിപ്ററസ് നട്ടുപിടിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്),
തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ആരണ്യകം,
കാരാപ്പുഴ, കോട്ടയം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവി വകുപ്പ്-കെ.എഫ്.ഡി.സി യുടെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതിന് അനുമതി നൽകിയ ഉത്തരവ് -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(ഡി) വകുപ്പ്

സ.ഉ.(സാധാ) നം.236/2024/F&WLD  തീയതി,തിരുവനന്തപുരം, 20-05-2024

---

പരാമർശം:-
1. KFDC എം.ഡിയുടെ 20.02.2024 ലെ സി2-4678/2018/161 നം. കത്ത്.
2. കേന്ദ്ര വനം പരിസ്ഥിതിതി മന്ത്രാലയത്തിന്റെ 24.02.2023 ലെ F(C) എ/11.6/4/WP/KER/VoL-II /347 നം.കത്ത്.
3. 07.05.2024 ലെ.സ.ഉ(സാധാ) നം.221/2024/വനം. നമ്പർ ഉത്തരവ്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)&ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(WP&R) ന്റെ 18.05.2024 ലെ WP-5419/2019 നം. കത്തും, അനുബന്ധവും.

<u>ഉത്തരവ്</u>

KFDC MD യുടെ പരാമർശം 1 കത്തിലെ അഭ്യർഥന കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാൻ കാലാവധിയിൽ ശേഷിക്കുന്ന 2024-25 വരെ കാലയളവിൽ മാത്രം കേരളാ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (KFDC) തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതിനു അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാന സർക്കാരിന്റെ 2021 ലെ ഇക്കോ റസ്റ്റോറേഷൻ പദ്ധതിയുടേയും, സമാനമായി മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുവാനുള്ള ബൃഹത്തായ പദ്ധതികളുടേയും ഭാഗമായുള്ള നയത്തിന് അനുസൃതമായി, സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് ഇനങ്ങളെ പൂർണമായും ഒഴിവാക്കി യോജ്യമായ തദ്ദേശീയ ഇനങ്ങളെ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിരുന്നു.

കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരാമർശം ( 2 ) ലെ കത്ത് പ്രകാരം KFDC ശുപാർശ ചെയ്തിരുന്ന 2020 -21 മുതൽ 2024-25 വരെയുള്ള മാനേജ്മെന്റ് പ്ലാനിലെ Chapter

II - 7. Pulp wood Working Circle (7.2.1 Eucalyptus.) എന്നിവയിലെ ഭേദഗതി നിർദ്ദേശം മാത്രമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയുണ്ടായത്.

മേൽ സാഹചര്യത്തിൽ KFDC യുടെ 2020-21 മുതൽ 2024-25 വരെയുള്ള KFDC യുടെ മാനേജ്മെന്റ് പ്ലാനിലെ ഭേദഗതി നിർദ്ദേശത്തിന്മേൽ പരാമർശം(2) പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ള Chapter II - 7. Pulp wood Working Circle (7.2.1 Eucalyptus) എന്നിവ അനുസരിച്ചുള്ള യൂക്കാലിപ്റ്റസ് മുറിച്ചു നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക മാത്രം അനുമതി നൽകി പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 21-03-2024 10:34:34

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ്മെന്റ്),തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)&ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(WP&R),തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരളാ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ,ആരണ്യകം, കാരാപ്പുഴ,കോട്ടയം
അഡീഷണൽ ചീഫ് സെക്രട്ടറി,ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

പകർപ്പ്:-അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്.

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം - നയരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ)നം.29/2021/വനം തീയതി, തിരുവനന്തപുരം,17/12/2021

---

പരാമർശം :- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 12.05.2017 ലെ Pro(4)-23587/2017 നമ്പർ കത്ത്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 18.06.2021 ലെ WA-627/2021 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക ആവശ്യത്തിനായി വെച്ച് പിടിപ്പിക്കപ്പെട്ട യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ ഇടങ്ങിയ ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേക്ക് പുന:സ്ഥാപിക്കുകയോ തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുകയോ ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം(1) കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അഭ്യർത്ഥിച്ചിരുന്നു. ഈ സംബന്ധമായി നടന്ന വിവിധ ചർച്ചകളുടെയും കൂടിയാലോചനകളുടേയും അടിസ്ഥാനത്തിൽ, ഇക്കാര്യത്തിനായി തയ്യാറാക്കിയ കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച പുതുക്കിയ കരട് നയരേഖ പരാമർശം(2) കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആവശ്യമായ തുടർനടപടിക്കായി സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ (*അനുബന്ധം കാണുക*) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

രാജേഷ് കമാർ സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ് സി )വകുപ്പ് (ഐറ്റം നമ്പർ ............../തീയ്യതി 15/12/2021)
പരിസ്ഥിതി വകുപ്പ്/ധനകാര്യ വകുപ്പ്/റവന്യൂ വകുപ്പ്
വെബ് & ന്യൂ മീഡിയ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
മുഖ്യമന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്